# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 78** **11-02-2025 - ൽ മറുപടിയ്ക്ക്**

### പുനർഗേഹം പദ്ധതിയുടെ നിർവ്വഹണ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ എം മുകേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുനർഗേഹം പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പുനർഗേഹം പദ്ധതിയുടെ നിർവ്വഹണ പുരോഗതി യഥാസമയങ്ങളിൽ മന്ത്രിതലത്തിലും സർക്കാരിന്റെ വിവിധ തലങ്ങളിലും വിലയിരുത്തുന്നുണ്ട്. നിർവഹണ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>നിർവ്വഹണ പുരോഗതി<br><br>തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷം ഭരണാനുമതി നല്കിയിരുന്നു.<br><br>പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. പുനർഗേഹം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ചെലവാകുന്ന തുക കൂടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.<br><br>വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പദ്ധതി പ്രകാരം 9098 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4414 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3812 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2446 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1366 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.<br><br>തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128) എന്നീ കെട്ടിട സമുച്ചയങ്ങൾ |

നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഇപ്രകാരം 2836 കുടുംബങ്ങളെ പൂർണ്ണമായും പുനരധിവസിപ്പിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി 1136 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും 944 ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. കടകംപള്ളിയിൽ ഭരണാനുമതി നൽകിയ 168 ഫ്ലാറ്റുകളുടെയും വലിയതുറ സെന്റ് ആന്റണീസിൽ ഭരണാനുമതി നൽകിയ (24) ഫ്ലാറ്റുകളുടെയും നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് രണ്ടാം ഘട്ടം (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്.

പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി 76.92 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാകളക്ടർ/ലാന്റ് & റവന്യൂ കമ്മീഷണർ/ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലായി സ്വീകരിച്ചു വരുന്നു.

പദ്ധതി പ്രവർത്തനത്തിനായി ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന ബജറ്റ് വിഹിതത്തിൽ നിന്നും 178.10 കോടി രൂപയും ഉൾപ്പെടെ 428.10 കോടി രൂപ ഇതുവരെ അനുവദിക്കുകയും 427.85 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഫ്ലാറ്റുകൾ എന്ന് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128) എന്നീ കെട്ടിട സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

പുനർഗേഹം പദ്ധതി ഗുണ ഭോക്താക്കൾക്കായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് 204 ഫ്ലാറ്റുകൾ, തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (400), മലപ്പുറം ജില്ലയിലെ നിറമരുതൂർ (16), പൊന്നാനി ഫേസ് II (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. 2025 വർഷത്തിൽ തന്നെ ഇവയുടെ നിർമ്മാണം പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. കടകംപള്ളിയിൽ ഭരണാനുമതി നൽകിയ 168 ഫ്ലാറ്റുകളുടെയും വലിയതുറ സെന്റ് ആന്റണീസിൽ ഭരണാനുമതി നൽകിയ (24) ഫ്ലാറ്റുകളുടെയും നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. ഇപ്രകാരം ആകെ 1136 ഫ്ലാറ്റുകളുടെ നിർമ്മാണത്തിനാണ് നടപടികൾ സ്വീകരിച്ചു വരുന്നത്.

നിലവിൽ നിർമ്മാണം നടക്കുന്ന ഫ്ലാറ്റുകളുടെ പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി

| ക്രമ നം. | പദ്ധതി | നിലവിലെ അവസ്ഥ | പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി |
|---|---|---|---|
| 1 | മണ്ണുമ്പുറം ഫ്ലാറ്റ് സമുച്ചയം (204 വ്യക്തിഗത ഫ്ലാറ്റുകൾ) | സിവിൽ പ്രവൃത്തികൾ പൂർത്തീ കരണ ഘട്ടത്തിൽ | 31.03.2025 |
| 2 | കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80) | പ്രവൃത്തി പുരോഗമിക്കുന്നു | 30.06.2025 |
| 3 | തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (400) | പ്രവൃത്തി പുരോഗമിച്ചു വരുന്നു. | 31.05.2025 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 4 | മലപ്പുറം നിറമരുതൂർ (16) | 80% പ്രവൃത്തി പൂർത്തീകരിക്കു കയും വൈദ്യുതീകരണ പ്രവൃത്തികൾ 70% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. | 31.03.2025 |
| | | | | 5 | മലപ്പുറം പൊന്നാനി II ഫേസ് (100) | സിവിൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. | 31.07.2025 |
| | | | | 6 | കാസർഗോഡ് കോയിപ്പാടി | സിവിൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. | 31.12.2025 |
| (സി) | ഫ്ലാറ്റുകളിലേയ്ക്ക് മതിയായ ഗുണഭോക്താക്കൾ ഇല്ലാത്ത പക്ഷം ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പുനർഗേഹം പദ്ധതി പ്രകാരം നിർമ്മിച്ചുവരുന്ന ഫ്ലാറ്റുകളിലേക്ക് ഗുണ ഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരികയാണ്. നിർമ്മാണം പൂർത്തിയാകുമ്പോൾ മതിയായ ഗുണഭോക്താക്കൾ ഇല്ലാത്ത പക്ഷം ഭൂരഹിത ഭവന രഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ടി ഫ്ലാറ്റുകളിൽ പുനരധിവസിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. | | | | |

സെക്ഷൻ ഓഫീസർ